ശ്രീ. എസ്സ്. കുമാരൻ : ഓണാട്ടുകരയിൽ കൃഷിനാശം ഉണ്ടായതു എന്നാണു് ; വില്ലേജ് ആഫീസർ റിപ്പോർട്ട് സമർപ്പിച്ചതു് എന്നാണു് ?

ശ്രീ. ഈ. പി. പൗലോസ് : നഷ്ടം സംഭവിച്ച സ്ഥലങ്ങളിൽ കുറെ ഞാൻ നേരിട്ട കണ്ടിട്ടുള്ളതുതന്നെയാണു്. അതുവച്ചു കണക്കാക്കിക്കൊണ്ടു് നിലവിലുള്ള ചട്ടങ്ങളിൽ കുറച്ചുകൂടി അയവു വരുത്തിക്കൊണ്ടാണു് ഈ ഇരുപതു രൂപ സഹായധനമായി കൊടുക്കുന്നതു്.

പതിച്ചുകൊടുത്തിട്ടുള്ള ഭൂമി

* 401. [8] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957-നു ശേഷം റവന്യൂഭൂമിയുടെ 25 ശതമാനം ഹരിജനങ്ങൾക്കു് പതിച്ചുകൊടുക്കുന്നതാണെന്ന വ്യവസ്ഥ അനുസരിച്ചു് ഏതെങ്കിലും ജില്ലയിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമിയാണു് ;

(സി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഹരിജനങ്ങൾക്കായി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെയാണു്; എത്ര ഏക്കർ ഭൂമിയാണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) എല്ലാ ജില്ലയിലും ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടു്.

(ബി) 5,240 ഏക്കർ 51 സെന്റു്.

(സി) ഉണ്ടു്.

		ഏക്കർ	സെന്റു്
(ഡി)	തിരുവനന്തപുരം	454	92.301
	കൊല്ലം	912	87
	കോട്ടയം	848	67.419
	ആലപ്പുഴ	93	79.828
	എറണാകുളം	481	30.506
	തൃശ്ശൂർ	74	41.500
	പാലക്കാടു്	74	81.500
	കോഴിക്കോടു്	202	44.000
	കണ്ണൂർ	646	8 .000
	ആകെ	3789	32.054

ശ്രീ. പി. സി. ആദിച്ചൻ : ലാൻറ് അസൈൻമെൻറ് രൂൾ അനുസരിച്ചു ആകെ പതിച്ചുകൊടുത്ത ഭൂമി എത്രയാണെന്നു പറയാമോ ;

ശ്രീ. ആർ. ശങ്കർ : പ്രത്യേക ചോദ്യമായി ചോദിച്ചാലെ പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. എം. ജോർജ്ജു്: റവന്യൂ തരിശായിട്ടുള്ള പുറമ്പോക്കുഭൂമികളും അതുപോലെതന്നെ നോൺ റിവർട്ടബിളായിട്ടുള്ള വന ഭൂമികളും കൂടിയേറി പാർത്തിട്ടുള്ളവർക്കു് ഏറ്റവും വേഗം പട്ടയം പതിച്ചുകൊടുക്കുന്നതാണെന്നു പ്രഖ്യാപനം നടത്തിയിട്ടുണ്ടു്. അതിന്റെ നടപടി എന്തായി, ഇനിയും എത്രകാലം വേണ്ടിവരും അതു പൂർത്തിയാകാൻ ?

ശ്രീ. ആർ. ശങ്കർ : അതിന്റെ നടപടി ദ്രുഗതിയിൽ എടുത്തുകൊണ്ടിരിക്കുകയാണു്. എപ്പോൾ തീരുമെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ആദിച്ചൻ : ഇങ്ങനെ പതിച്ചുകൊടുക്കുന്ന നടപടി നിറുത്തൽ ചെയ്തിട്ടുണ്ടോ ;

ശ്രീ. ആർ. ശങ്കർ : നിറുത്തിയിട്ടില്ല. തുടർന്നു വരികയാണു്.

ശ്രീമതി കുസുമം : കുത്തകപ്പാട്ട വ്യവസ്ഥയിലും ഗ്രോമോർ സ്കീം അനുസരിച്ചും കൊടുത്തിട്ടുള്ള ഭൂമി വളരെക്കാലമായി കർഷകരുടെ കൈവശം വച്ചുകൃഷി ചെയ്തു വരുന്നതു് ഒഴിപ്പിച്ചെടുക്കാതെ അവർക്കുതന്നെ പതിച്ചുകൊടുക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ;

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള ഭൂമികളും ഫാമസ്റ്റിന്റെ ആവശ്യത്തിനോമറ്റു ഗവണ്മെന്റു ആവശ്യത്തിനോ വേണ്ടെന്നുകണ്ടാൽ പതിച്ചുകൊടുക്കുന്നതിനു വേണ്ട നടപടിയെടുക്കുന്നതാണു്.

ശ്രീ. ഓ. കോരൻ: മന്ത്രി തന്നിട്ടുള്ള കണക്കുകളിൽനിന്നും ആലപ്പുഴയിൽ 93 ഏക്കർ, തൃശ്ശൂർ ജില്ലയിൽ 74 ഏക്കർ പാലക്കാടു് 74 ഏക്കർ ഇങ്ങനെ പതിച്ചുകൊടുത്തിട്ടുണ്ടെന്നു കാണുന്നു. ഈ ജില്ലകളിൽ കൊടുത്തിട്ടുള്ളതു് മറ്റു ജില്ലകളെ അപേക്ഷിച്ചു വളരെകുറവാണു്. അതിനുള്ള കാരണമെന്താണു് ; അവിടെ അപേക്ഷകർ കുറവായിരുന്നുവോ ;

ശ്രീ. ആർ. ശങ്കർ : അവിടെ അങ്ങനെയുള്ള ഭൂമിയും അപേക്ഷകരും കുറവായിരുന്നു.

ശ്രീ. സി. അച്യുതമേനോൻ : ഹരിജനങ്ങൾക്കു പുറമ്പോക്കു ഭൂമി പതിച്ചുകൊടുക്കുക എന്നൊരു നയം സ്വീകരിച്ചിട്ടുണ്ടു്, എന്നാൽ ഹരിജനങ്ങൾ വളരെക്കാലമായി കുടിയേറിപാർത്തിട്ടുള്ള സ്ഥലങ്ങൾ അവർക്കു പതിച്ചുകൊടുക്കാതിരിക്കുകയും കഴിഞ്ഞ കുറച്ചുകാലമായിട്ടു നിരോധനക്കരം ചുമത്തി റവന്യൂവിലയ്ക്കു നികുതി ഈടാക്കുന്നതിനു നോട്ടീസ്കൊടുക്കുകയും ചെയ്തിട്ടുണ്ടു്. ഈ ഭൂമികൾ അവർക്കു പതിച്ചുകൊടുക്കുവാനും കരം ഈടാക്കുന്നതിനുള്ള നോട്ടീസു് പിൻവലിക്കുന്നതിനും ദയവുണ്ടാകുമോ ;

ശ്രീ. ആർ. ശങ്കർ : ഗവണ്മെൻറിന്റെ മറ്റു ആവശ്യങ്ങൾക്കോ ഫാമസ്റ്റിന്റെ ആവശ്യത്തിനോ ഈ ഭൂമികൾ വേണമെന്നു വരികയാണെങ്കിൽ ഒഴിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണു്. അല്ലാത്ത കേസുകളിൽ ഭൂമി അവിടെ പാർക്കുന്ന ആളുകൾക്കു പതിച്ചുകൊടുക്കുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ : ഈ ഭൂമികൾ യാതൊരു കാര്യത്തിനു ഉപയോഗിക്കുവാൻ കൊള്ളുന്നതല്ല. എനിക്കു നേരിട്ടു ബോദ്ധ്യപ്പെട്ടിട്ടുള്ള സംഗതിയാണു്. ഹരിജനങ്ങൾക്കുമാത്രം അതു പതിച്ചുകിട്ടുന്നില്ല. അതിനെപ്പറ്റി ശ്രദ്ധിക്കുമോ ;

ശ്രീ. ആർ. ശങ്കർ : ശ്രദ്ധിക്കാം. കാര്യങ്ങൾ പരിശോധിക്കാതെ വളരെ വ്യക്തമായ ഒരു ഉത്തരം പറയുവാൻ നിവൃത്തിയില്ല.

കുട്ടികൃഷ്ണമേനോൻ കമ്മിറ്റി റിപ്പോർട്ടു്

* 402. [9] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ഭരണകാര്യങ്ങളെപ്പറ്റി അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യാൻ നിയമിക്കപ്പെട്ട കുട്ടികൃഷ്ണമേനോൻ കമ്മിറ്റി അതിന്റെ റിപ്പോർട്ടു സമർപ്പിച്ചതു് എന്നാണു് ;

(ബി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണു് ; റിപ്പോർട്ടിന്മേൽ ഗവണ്മെൻറു് വല്ല തീരുമാനവും എടുത്തുവോ ; ഉണ്ടെങ്കിൽ എന്തു് ;

(സി) റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള നിയമനിർമ്മാണം എന്നേക്കു കൊണ്ടുവരാനുദ്ദേശിക്കുന്നു ;

(ഡി) റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly